**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 864** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യമേഖലയുടെ പുരോഗതിയും വൈവിധ്യവൽക്കരണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. റെജി ചെറിയാൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മിഷൻ സമുദ്ര പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിന്റെ അറുന്നൂറു കിലോമീറ്റർ തീരപ്രദേശം, രണ്ടു അന്താരാഷ്ട്ര തുറമുഖങ്ങൾ, ഒരു കണ്ടെയ്നർ ട്രാൻഷിപ്മെന്റ് ടെർമിനൽ, 17 നോൺ മേജർ തുറമുഖങ്ങൾ, ജല സ്രോതസ്സുകൾ തുടങ്ങിയവ സംയോജിപ്പിച്ച 5 വർഷത്തിനുള്ളിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻ ശക്തിയായി ഉയർത്തുന്നതിനുള്ള പദ്ധതി. തീരത്തെ പോർട്ട് സിറ്റിയായി വിഭാവനം ചെയ്ത് റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാത നിർമ്മാണ മേഖല എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള സമ്പത്ത് വ്യവസ്ഥ എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. മിഷൻ സമുദ്രയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ പ്രാരംഭ ദിശയിലാണ്.

**(ബി)** തീര-സമുദ്ര മേഖലകളുടെയും വിഭവങ്ങളുടെയും സുസ്ഥിര ഉപയോഗവും പരിപാലനവും പുനരുജ്ജീവനവും ലക്ഷ്യമാക്കി ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; മേഖലയിലെ സംരംഭകർക്കും നിക്ഷേപകർക്കും ആസൂത്രണ-നിർവഹണ സഹായമെത്തിക്കാൻ പ്രസ്തുത സെല്ലിനെ പര്യാപ്തമാക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തീര-സമുദ്ര മേഖലകളുടെയും വിഭവങ്ങളുടെയും സുസ്ഥിര ഉപയോഗവും പരിപാലനവും പുനരുജ്ജീവനവും ലക്ഷ്യമാക്കി വകുപ്പിനു കീഴിൽ ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(സി)** മത്സ്യത്തൊഴിലാളികളുടെ വരുമാനസാധ്യതകളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് പെസ്കാ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പദ്ധതി സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുകയാണ്. വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അനുമതി ലഭിക്കുന്ന മുറക്ക് ആയതു പ്രാവർത്തികമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** വിനോദസഞ്ചാരികൾക്ക് പെസ്കാ ടൂറിസം പരിചയപ്പെടുത്തുന്നതിന് സമൂഹമാധ്യമങ്ങളെ ഉൾപ്പെടെ ഉപയോഗപ്പെടുത്തി പ്രചാരണം നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പദ്ധതി സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുകയാണ്. വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അനുമതി ലഭിക്കുന്ന മുറക്ക് ആയതു പ്രാവർത്തികമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഇ)** പെസ്കാ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** പദ്ധതി സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുകയാണ്. വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് അനുമതി ലഭിക്കുന്ന മുറക്ക് ആയതു പ്രാവർത്തികമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**